പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.763 — 11.03.2015-ൽ മറുപടിയ്ക്ക്

**കാസർഗോഡ് ജില്ലയിലെ അലോപ്പതി ഡോക്ടർമാരുടെ തസ്തികകളും സേവനവും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.ചന്ദ്രശേഖരൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

(എ) കാസർഗോഡ് ജില്ലയിലെ അലോപ്പതി ആശുപത്രികളിൽ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ തസ്തികകളുടെ എണ്ണം എത്രയാണെന്നും അതിൽ എത്ര ഡോക്ടർമാരുടെ സേവനമാണ് ലഭിക്കുന്നതെന്നും വിശദീകരിക്കാമോ;

(എ)

| ക്ര. നം. | കേഡർ | അനുവദിച്ച തസ്തികകളുടെ എണ്ണം | നിലവിലുള്ള തസ്തികകളുടെ എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| 1 | സ്പെഷ്യൽ കേഡർ | 63 | 45 | 18 |
| 2 | അഡ്മിനിസ്ട്രേറ്റീവ് കേഡർ | 10 | 10 | 0 |
| 3 | ജനറൽ കേഡർ സിവിൽ സർജൻ | 08 | 05 | 03 |
| 4 | ജനറൽ കേഡർ അസിസ്റ്റന്റ് സർജൻ | 125 | 75 | 50 |
| 5 | ദന്തൽ സിവിൽ സർജൻ | 01 | 01 | 0 |
| 6 | ദന്തൽ അസിസ്റ്റന്റ് സർജൻ | 03 | 03 | 0 |

(ബി) അനുവദിക്കപ്പെട്ട തസ്തികയ്ക്കനുസരിച്ച് സേവനം ലഭിക്കാതിരിക്കുന്നുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) അനുവദിക്കപ്പെട്ട തസ്തികയ്ക്കനുസരിച്ച് വേക്കൻസിയുള്ള സ്ഥലങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചതിനാൽ സേവനം ലഭിക്കാതിരിക്കുന്നില്ല.

(സി) ജില്ലയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ മുഴുവൻ ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് വകുപ്പിൽ പി.ജി ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സിവിൽ സർജൻ, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ഒഴിവുകൾ, അഡ്ഹോക്ക് വ്യവസ്ഥയിൽ വിരമിച്ച ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പു വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാരാമെഡിക്കൽ ജീവനക്കാരുടെ പ്രമോഷൻ വഴി നികത്തേണ്ട ഒഴിവുകളിൽ പ്രമോഷൻ നൽകിയും മറ്റ് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പി .എസ്.സി മുഖേനയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ